# പാത്രക്കടവ്–പാലക്കാടിന്റെ മരണമണി, പൊതു തെളിവെടുപ്പ് മെയ് 21 ന്

പാലക്കാട് : ഒരു വരൾച്ചയിൽ തുടരുന്ന പാലക്കാടിന്റെ മരണമണിയായി ഒരണക്കെട്ടു കൂടി പണിയാൻ പോകുന്നു. മണ്ണാർക്കാട് താലൂക്കിൽ കുന്തിപ്പുഴയിൽ പാത്രക്കടവ് ജലവൈദ്യുത പദ്ധതിയാണ് ഇലക്ട്രിസിറ്റി ബോർഡ് തുടങ്ങാൻ പോകുന്നത്. അതിന്റെ മുന്നോടിയായി പൊതു തെളിവെടുപ്പ് വെളിപ്പെടുത്തിക്കൊണ്ട് മലിനീകരണ നിയന്ത്രണബോർഡ് ഏപ്രിൽ 20-ന് പരസ്യം ചെയ്തിരിക്കുന്നു.

മണ്ണാർക്കാടിനടുത്തുള്ള കാരാപ്പാടം, തത്തേങ്ങലം പ്രദേശത്താണ് പാത്രക്കടവ് പദ്ധതി വരുന്നത്. 70 മെഗാവാട്ട് വൈദ്യുതിയാണ് ഇവിടെ ഉൽപാദിപ്പിക്കുക. 22.16 ഹെക്ടർ വനഭൂമിയടക്കം 40.90 ഹെക്ടർ ഭൂമി മുക്കിക്കളയുന്ന ഈ പദ്ധതിക്ക് 247 കോടി രൂപ മൂലധനച്ചിലവ് വരും. 4.1 ഹെക്ടർ വിസ്തൃതിയിൽ പണിയുന്ന കോൺക്രീറ്റ് ഡാമിന് 64.5 മീറ്റർ ഉയരവും, 275 മീറ്റർ നീളവും ഉണ്ട്.

കേരളത്തിൽ ഏറ്റവും കൂടുതൽ ഡാമുകളും കനാലുകളും അതുകൊണ്ടുതന്നെ വരൾച്ചയും രൂക്ഷമായുള്ള കാർഷിക ജില്ലയാണ് പാലക്കാട്. ഇനിയൊരു അണക്കെട്ടിനെ കൂടി താങ്ങാൻ കുന്തിപ്പുഴയ്ക്ക് അതുവഴി ഭാരതപ്പുഴയ്ക്കും ത്രാണിയില്ല. അവശേഷിക്കുന്ന മഴക്കാടായ സൈലന്റ് വാലിയുടെ ചങ്കായ പ്രദേശങ്ങൾ, ഭാരതപ്പുഴയുടെ കൈവഴി ഇതൊക്കെയാണ് പുതിയൊരു ഡാമിലൂടെ നഷ്ടപ്പെടാൻ പോകുന്നത്. നിത്യഹരിത, അത്യപൂർവ്വ വനമേഖലയിലെ പല പ്രദേശങ്ങളിലേയും ജൈവ വൈവിദ്ധ്യങ്ങളും പുഴയുടെ തുടർച്ചയും നശിക്കുകയായിരിക്കും ഇതിന്റെ ഫലം.

മെയ് 21 ന് 11 മണിക്ക് മണ്ണാർക്കാട് വേങ്കരയ്ക്കടുത്തുള്ള ചേരുംകുളം എൽ.പി. സ്കൂളിൽ നടക്കുന്ന പൊതു തെളിവെടുപ്പിൽ പൊതുജനങ്ങൾക്ക് പദ്ധതി സംബന്ധിച്ച ആക്ഷേപങ്ങളും പരാതികളും നേരിട്ടോ, രേഖാമൂലമോ നൽകാവുന്നതാണ്. മെയ് 20 നകം സുധീർ ബാബു, എൻവറോൺമെന്റൽ എഞ്ചിനീയർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം - 14 എന്ന വിലാസത്തിൽ അറിയിക്കുക.

**വികസനം വേണം, വിനാശം വേണ്ട, പാത്രക്കടവ് പദ്ധതി പാലക്കാടിന് നാശം**

**പദ്ധതിക്കെതിരെ ജനകീയ - രാഷ്ട്രീയ - പരിസ്ഥിതി പ്രവർത്തകർ**

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: ടോണി തോമസ്, കിഴക്കേകര, ഇരുമ്പകച്ചോല, മണ്ണാർക്കാട് വഴി. ഫോൺ: 04924-238253, പി. സുന്ദരരാജൻ, ഫോൺ: 0483 3123166, 2733115, 2736576

## സ്ത്രീ–പുരുഷൻ : ഒറ്റയ്ക്ക്/തനിച്ച് താമസിക്കരുത് !?

കോളമിസ്റ്റും ചെറുകഥാകൃത്തും സി-ഡിറ്റിൽ പ്രൊഡ്യൂസറുമായ ശ്രീബാല കെ. മേനോൻ കേരളത്തിന്റെ പൊതുസമൂഹത്തിൽ നിന്ന് തനിക്കുണ്ടായ തിക്താനുഭവത്തെ ഇങ്ങനെ വാക്കുകളിൽ പകർത്തി.

"ചാട്ടയടിക്കു നിന്നു കൊടുക്കാൻ തയ്യാറല്ലാതിരുന്നതുകൊണ്ട്, ഏതാണ്ടൊരു ഭ്രഷ്ടിന്റെ വക്കിലാണു ഞാനിപ്പോൾ.

കുറ്റം : അവിവാഹിതയായ ഞാൻ തനിച്ചൊരു ഫ്ളാറ്റ് വാടകക്കെടുത്ത് താമസിക്കുന്നു.

ഭ്രഷ്ട് !! സ്ത്രീക്കെതിരെ അവസാന ആയുധം. ഒന്നുകിൽ അവർ പറയുംപടി ജീവിക്കാം, അതല്ലെങ്കിൽ ഭ്രഷ്ടാക്കും. ഇതു രണ്ടുമല്ലാതെ തങ്ങളിലൊരാളായി കാണാൻ മനസ്സില്ല !"

കേരളത്തിലെ പൊതുസമൂഹം അതിന്റേതായ ചില ചിട്ടവട്ടങ്ങളും നിയമങ്ങളും സൃഷ്ടിച്ചു വച്ചിരിക്കുന്നു. പൗരന്റെ മൗലികാവകാശങ്ങളെപ്പോലും ചവുട്ടിമെതിക്കുന്ന ഇത്തരം നാട്ടാചാരങ്ങൾക്ക് നിങ്ങളും (പുരുഷൻ/സ്ത്രീ) ഇരയായിട്ടുണ്ടാകും. 'കേരളീയ'വുമായി അത് സ്വതന്ത്രമായി പങ്കുവയ്ക്കുക.

**എഴുതുക : കേരളീയം, കൊക്കാലെ, തൃശൂർ - 21. ഫോൺ : 2331016/2421385**